**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – 2020 **ഡിസംബർ** മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 7464/2020/ധന.** **തീയതി, തിരുവനന്തപുരം, 23.12.2020**

---

പരാമർശം :- 1. സ.ഉ(സാധാ) നം. 2456/2020/ധന. തീയതി. 24.03.2020

2. സ.ഉ(സാധാ) നം. 4235/2020/ധന. തീയതി. 24.07.2020
3. സ.ഉ(സാധാ) നം. 5413/2020/ധന. തീയതി. 22.09.2020
4. സ.ഉ(സാധാ) നം. 6116/2020/ധന. തീയതി. 27.10.2020
5. സ.ഉ(സാധാ) നം. 6842/2020/ധന. തീയതി. 24.11.2020
6. സ.ഉ(പി)നം. 118/2020/ധന. തീയതി. 06.09.2020
7. പഞ്ചായത്ത് ഡയറക്ടറുടെ കത്ത് നമ്പർ പി എ എൻ/5630/2020–ഡി ബി ടി2 (ഡി പി) തീയതി. 23.12.2020

**<u>ഉത്തരവ്</u>**

ഗുണഭോക്താക്കളുടെ താല്പര്യപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകിവരുന്നു. 2020 ഡിസംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി ആകെ 624,13,40,100/- (അറുനൂറ്റി ഇരുപത്തി നാല് കോടി പതിമൂന്ന് ലക്ഷത്തി നാല്പതിനായിരത്തി ഒരുന്നൂറു രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (7) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. **2020 ഡിസംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി ആകെ 624,13,40,100/- (അറുനൂറ്റി ഇരുപത്തി നാല് കോടി പതിമൂന്ന് ലക്ഷത്തി നാല്പതിനായിരത്തി ഒരുന്നൂറു രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.** ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനും വിതരണം

ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. 2020 ഡിസംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആവശ്യമായ തുകയിൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 320,83,62,000/- (മുന്നൂറ്റി ഇരുപത് കോടി എൺപത്തി മൂന്ന് ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ: 67234515304 (IFS Code : SBIN 0070028)), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ തുകയായ 303,29,78,100/- (മുന്നൂറ്റി മൂന്ന് കോടി ഇരുപത്തി ഒൻപത് ലക്ഷത്തി എഴുപത്തി എട്ടായിരത്തി ഒരുന്നൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 799012100000001) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 10.01.2021 നകം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ (കേരള ബാങ്ക്) ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

4. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ എല്ലാവിധ മുൻകരുതലുകളും എടുത്താണ് പെൻഷൻ വിതരണം നടത്തുന്നതെന്ന് ബന്ധപ്പെട്ട എല്ലാവരും ഉറപ്പുവരുത്തേണ്ടതാണ്.

5. പെൻഷൻ വിതരണം അടിയന്തിരമായി തുടങ്ങേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഗോപകുമാർ എൻ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

ധനകാര്യ (എസ് എസ്) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം

വിവര പൊതുജന സമ്പർക്ക വകുപ്പ്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | ഡയറക്റ്റ് ടു ഹോം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ | 9062400 | 23485600 | 32548000 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 176188900 | 194201600 | 370390500 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 21578200 | 26938800 | 48517000 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 4901400 | 7360800 | 12262200 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 85968000 | 86176200 | 172144200 |
| | **ആകെ** | **297698900** | **338163000** | **635861900** |
| | കർഷക തൊഴിലാളി പെൻഷൻ | 3259600 | 2156000 | 5415600 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 156189700 | 67914200 | 224103900 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി | 22343800 | 8837600 | 31181400 |

| | | | | |
|---|---|---|---|---|
| **മുനിസിപ്പൽ കോർപ്പറേഷൻ** | നേരിടുന്നവർ) | | | |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 6751200 | 3797800 | 10549000 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 95519200 | 27976800 | 123496000 |
| | **ആകെ** | **284063500** | **110682400** | **394745900** |
| **ഗ്രാമപഞ്ചായത്ത്** | കർഷക തൊഴിലാളി പെൻഷൻ | 180345400 | 341010200 | 521355600 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1393580200 | 1277307400 | 2670887600 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 220441200 | 239749400 | 460190600 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 38193600 | 50049800 | 88243400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 794039200 | 676015900 | 1470055100 |
| | **ആകെ** | **2626599600** | **2584132700** | **5210732300** |
| **ആകെ മൊത്തം** | | | | |
| കർഷക തൊഴിലാളി പെൻഷൻ | | 192667400 | 366651800 | 559319200 |

| | | | |
|---|---|---|---|
| | | | |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1725958800 | 1539423200 | 3265382000 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 264363200 | 275525800 | 539889000 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 49846200 | 61208400 | 111054600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 975526400 | 790168900 | 1765695300 |
| **ആകെ** | **3208362000** | **3032978100** | **6241340100** |

**അറുന്നൂറ്റി ഇരുപത്തി നാല് കോടി പതിമൂന്ന് ലക്ഷത്തി നാല്പതിനായിരത്തി ഒരുന്നൂറു രൂപ മാത്രം.**